

# വെള്ളാങ്കല്ലൂർ സെന്റ് ജോസഫ്സ് ഇടവക

പുരാതനമായ കല്പറമ്പ് പള്ളിയായിരുന്നു, ആദ്യകാലങ്ങളിൽ വെള്ളാങ്കല്ലൂരിലെ കത്തോലിക്കരുടെ ഇടവക. യാത്രാസൗകര്യം കുറവായിരുന്ന അക്കാലഘട്ടത്തിൽ ജനങ്ങളുടെ സൗകര്യാർത്ഥം ഒരു പള്ളി വെള്ളാങ്കല്ലൂരിൽത്തന്നെ ഉണ്ടാകണമെന്ന ആഗ്രഹം ക്രമേണ ശക്തിപ്പെട്ടുവന്നു. അന്ന് നിലവിലുണ്ടായിരുന്ന 4 അമ്പുസമുദായങ്ങളാണ് അതിന് നേതൃത്വം നല്കിയത്.

അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് തൃശ്ശൂർ രൂപതയുടെ ബിഷപ്പായി അവരോധിതനായ ശേഷം 1970 ഒക്ടോബറിൽ നാട്ടുകാരനായ ബഹു. ജോസഫ് ചിറ്റിലപ്പിള്ളി (പൊഴോലിപറമ്പിൽ) അച്ചന്റെ അദ്ധ്യക്ഷതയിൽ ദേവാലയ നിർമ്മിതിക്കായി ഒരു ആലോചനായോഗം കൂടുകയും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. നെടുമ്പാക്കാരൻ അന്തോണി, കൂളിയാടൻ ലാസർ, ചെലങ്ങര ദേവസി, കോലങ്കണ്ണി ജേക്കബ് എന്നിവരായിരുന്നു കമ്മിറ്റിയംഗങ്ങൾ.

പ്രസ്തുത കമ്മിറ്റിയംഗങ്ങളും അമ്പുസമുദായ നടത്തിപ്പുകാരും അന്നത്തെ കല്പറമ്പ് പള്ളി വികാരി റവ. ഫാ. ആന്റണി അക്കരക്കാരന്റെ നിർദ്ദേശാനുസരണം വെള്ളാങ്കല്ലൂരിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനുവേണ്ടി അന്ന് ചന്തയായി ഉപയോഗിച്ചിരുന്ന കല്പറമ്പ് പള്ളി വക സ്ഥലം അനുവദിച്ചുകിട്ടുന്നതിന് കല്പറമ്പ് പള്ളിയോഗത്തിലേക്ക് അപേക്ഷ വയ്ക്കുകയും അത് യോഗം അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗനിശ്ചയം അഭിവന്ദ്യപിതാവ് കുണ്ടുകുളം അംഗീകരിച്ചുവെന്ന് മാത്രമല്ല, ദേവാലയ നിർമ്മാണ ഫണ്ടിലേക്കുള്ള ആദ്യത്തെ സംഭാവന കൂപ്പൺ അദ്ദേഹം തന്നെ എടുത്ത് ഉദ്ഘാടനം നടത്തുകയും ചെയ്തു.

## ദേവാലയം

അനന്തരം പള്ളിപണിക്കുവേണ്ട ഒരുക്കങ്ങൾ തുടങ്ങി. പ്ലാൻ തയ്യാറാക്കിയത് അന്ന് അരിപ്പാലം ലത്തീൻ പള്ളി വികാരിയായിരുന്ന ബഹു. ജോസഫ് ആത്തപ്പിള്ളിയച്ചനാണ്. 1972 ആഗസ്റ്റ് 2-ാം തിയ്യതി മാർ ജോസഫ് കുണ്ടുകുളം പ



പാരിഷ് ഹാൾ, വൈദിക മന്ദിരം

ിതാവ് അടിസ്ഥാനശിലാസ്ഥാപന കർമ്മം നടത്തി. കല്പറമ്പ് വികാരിയായിരുന്ന ബഹു. ആന്റണി അക്കരക്കാരനച്ചന്റെ നേതൃത്വത്തിലും കമ്മിറ്റിയംഗങ്ങളുടെ മേൽനോട്ടത്തിലും പണികൾ ആരംഭിച്ചു. അന്ന് നൂറിൽ താഴെ കത്തോലിക്കാകുടുബംങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്. എല്ലാവരും പരമാവധി സഹകരിച്ചു. കൂടാതെ, നാട്ടുകാരായ ബഹു. ജോസഫ് ചിറ്റിലപ്പിള്ളിയച്ചനും അദ്ദേഹത്തിന്റെ അനുജൻ ബഹു. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളിയച്ചനും പള്ളിയുടെ മേൽക്കൂരയുടെ മുഴുവൻ ചെലവും വഹിച്ചത് പണി വേഗം തീരുന്നതിന് സഹായകമായി. 1976 ഏപ്രിൽ 30-ന് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് വി. യൗസേപ്പ് പിതാവിന്റെ നാമധേയത്തിലുള്ള ഈ ദേവാലയത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിക്കുകയും തുടർന്ന് കുരിശുപള്ളിയുടെ നടത്തിപ്പ് അന്ന് കൽപറമ്പ് വികാരിയായിരുന്ന ബഹു. ആന്റണി പറോക്കാരനച്ചനെ ഏല്പിക്കുകയും ചെയ്തു.

ഇവിടെ സ്ഥിരം വികാരിയെ നിയമിക്കുന്നതുവരെ കല്പറമ്പ് പള്ളിയിലെ ബഹു. വികാരിയച്ചന്മാർക്കായിരുന്നു ഈ പള്ളിയുടെയും ചുമതല. അനന്തരം വികാരിയായി ശുശ്രൂഷ നടത്തിയത് ബഹു. പോൾ ചാലിശ്ശേരി അച്ചനാണ് (1977-79). മണിമാളിക നിർമ്മിച്ചതും കൊടിമരം സ്ഥാപിച്ചതും ഈ കാലഘട്ടത്തിലാണ്. 1978 മുതൽ മാസാദ്യ ബുധനാഴ്ചകളിൽ വി. യൗസേപ്പ് പിതാവിന്റെ പ്രത്യേക തിരുനാളായി കൊണ്ടാടാൻ നിശ്ചയിച്ചു. പ്രധാന തിരുനാളിന്റെ പ്രദ



സെന്റ് മേരീസ് കപ്പേള



വി. യൗസേപ്പ് പിതാവിന്റെ സ്തംഭം

ക്ഷിണക്രമം നിശ്ചയിച്ചതും വെള്ളാങ്കല്ലൂർ പള്ളി ഇടവകയാക്കുന്നതിന് അപേക്ഷ നല്കിയതും ഈയവസരത്തിലാണ്.

## ഇടവക

സ്വതന്ത്ര ഇടവകയായി രൂപംകൊള്ളുമ്പോൾ നടത്തിപ്പിന് ആവശ്യമായ സംഖ്യ ഇടവകക്കാരിൽ നിന്ന് പിരിച്ചെടുത്ത് നൽകാമെന്ന് കച്ചീട്ട് വയ്ക്കുന്നതിന് ബഹു. ചാലിശ്ശേരിയച്ചനാണ് തീരുമാനിച്ചത്. പിന്നീട് ബഹു. ജോസ് കാനംകുടം അച്ചന്റെ കാലഘട്ടത്തിലാണ്, ഇരിങ്ങാലക്കുട രൂപതക്കച്ചേരിയിലെ 383/81-ാം (DL 1/81) നമ്പർ കല്പനപ്രകാരം കല്പറമ്പ്, വെളയനാട് തുടങ്ങിയ ഇടവകകളിൽ നിന്നുള്ള വീട്ടുകാരെ ഉൾപ്പെടുത്തി നിശ്ചിത അതിർത്തികളോടുകൂടി 1981 ഏപ്രിൽ 30 മുതൽ പ്രാബല്യത്തോടെ സ്വതന്ത്ര ഇടവകയായി വെള്ളാങ്കല്ലൂർ സെന്റ് ജോസഫ്സ് പള്ളിയെ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ഉയർത്തിയത്. 1986-ൽ സിമിത്തേരി നിർമ്മാണം പൂർത്തിയാക്കി ആശീർവദിക്കുകയും ചെയ്തു.

## ഷോപ്പിംഗ് കോംപ്ലക്സ് പാരിഷ്ഹാൾ

ബഹു. ജോസഫ് വി. ചിറ്റിലപ്പിള്ളിയച്ചൻ വികാരിയായിരുന്നപ്പോൾ 1989-ൽ നിലവിലുള്ള സെന്റ് മേരീസ് കപ്പേള പൊളിച്ചുമാറ്റി പുതിയ കപ്പേളയും ഷോപ്പിംഗ് കോംപ്ലക്സും പണികൾ ആരംഭിച്ചു. ബഹു. ജോസഫ് മാള്യേക്കലച്ചന്റെ നേതൃത്വത്തിലാണ് കാര്യങ്ങൾ പുരോഗമിച്ചതും പൂർത്തിയായതും. അപ്രകാരം പുനർനിർമ്മിതമായ കപ്പേളയുടെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും വെഞ്ചരിപ്പും ഉദ്ഘാടനവും 1992-ൽ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 1993-ൽ പാരിഷ്ഹാൾ പണിത് ആശീർവാദകർമ്മം നടത്തുകയും ചെയ്തു. പള്ളിക്ക് സമീപം നിർമ്മിച്ച വൈദികമന്ദിരം 19.11.1993-ൽ ആശീർവദിച്ചു.

## സംഘടനകൾ

ആരംഭത്തിലേ മതബോധനം തുടങ്ങിയിരുന്നു. പിന്നീട് അൾത്താര ബാലസംഘം രൂപീകരിച്ചതിന് ശേഷം 1983-ലാണ് മാതൃസംഘം സ്ഥാപിതമായത്. 1990-ൽ ഇടവകയെ 7 യൂണിറ്റുകളായി വിഭജിച്ച് കുടുംബസമ്മേളങ്ങൾക്ക് രൂപം നല്കി.

## സ്ഥിരവാസമുള്ള വികാരി

ഇദംപ്രഥമമായി 4.5.1994-ൽ സ്ഥിരം വികാരിയായി നിയമിതനായ ബഹു. പോളി പടയാട്ടിയച്ചൻ 3 മാസം പ്രവർത്തിച്ചു. തുടർന്ന് 1995 ജനുവരി മുതൽ ബഹു. ജോസ് കെ. ചിറ്റിലപ്പിള്ളിയച്ചനായിരുന്നു ഇവിടത്തെ ചുമതല. തുടർന്ന് നിയമിതരായ വികാരിമാരും ഇവിടെ താമസിച്ച് ഇടവകയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി.

## ദേവാലയ നവീകരണം

2001-2002 കാലഘട്ടത്തിൽ ദേവാലയത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ബഹു. ജോസഫ് പടമാടൻ അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ മേൽക്കൂരയുടെ ഓടുമാറ്റി ആസ്ബെസ്റ്റോസ് ഷീറ്റ് മേയുകയും അൾത്താരയും മറ്റും മോടിപിടിപ്പിക്കുകയും സീലിങ്ങ് പിടിപ്പിച്ച് മനോഹരമാക്കുകയും ചെയ്തു.

2003 മുതൽ 2006 വരെ റവ. ഫാ. സജി പൊന്മിനിശ്ശേരിയായിരുന്നു ഇടവക വികാരി. അദ്ദേഹത്തിന്റെ ശ്രമഫലമായി 2004-05ൽ പള്ളിയിൽ നിന്ന് ഏറെ ദൂരെയല്ലാതെ വടക്കുപടിഞ്ഞാറ് ഭാഗത്ത് പള്ളിക്കുവേണ്ടി ഭൂമി വാങ്ങിയത് പുരോഗതിക്ക് വളരെ ഉപകരിച്ചു. 2005-ൽ മദ്ബഹായും നവീകരിക്കുകയുണ്ടായി.

## S.L.M.I. കോൺവെന്റ്, ഡേ കെയർസെന്റർ

സൊസൈറ്റി ഓഫ് ലേഡീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ ഒരു ഭവനം സെന്റ് പോൾസ്



സെന്റ് പോൾസ് SLMI കോൺവെന്റ് & ഡേ കെയർ സെന്റർ

കോൺവെന്റ് എന്ന പേരിൽ ഇവിടെ ഒരു താത്ക്കാലിക കെട്ടിടത്തിൽ 2005-ൽ ആരംഭിച്ചു. പിന്നീട് സ്വന്തമായൊരു കെട്ടിടം പണിത് 2006 ഏപ്രിൽ 18-ന് അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിക്കുകയുണ്ടായി. ക്രമേണ ഈ ഭവനത്തോടനുബന്ധിച്ച് വയോവൃദ്ധർക്കുവേണ്ടി ഒരു ഡേ കെയർ സെന്റർ ആരംഭിച്ച് പ്രവർത്തിക്കുന്നു.

മുൻനിശ്ചയമനുസരിച്ച് തയ്യാറാക്കിയ പാരിഷ് ബുള്ളറ്റിൻ "സുകൃതം" എന്ന പേരിൽ 2007 മാർച്ച് 19-ാം തിയ്യതി അന്നത്തെ വികാരി റവ. ഡോ. ക്ലെമന്റ് ചിറയത്ത് അച്ചനാണ് പ്രകാശനം ചെയ്തത്.

2008 ജനുവരി 31 മുതൽ വികാരിയായി നേതൃത്വം നല്കുന്നത് ബഹു. ജാജു എളങ്കുന്നപ്പുഴയച്ചനാണ്. വി. യൗസേപ്പിതാവിന്റെ സ്തംഭം നവീകരിച്ച് മനോഹരമാക്കുകയും പള്ളിയുടെ പ്രധാന കവാടത്തിൽ ഷട്ടറിന് പകരം ആനവാതിൽ വയ്ക്കുകയും പള്ളിയകം ടൈൽസ് വിരിച്ച് മനോഹരമാക്കുകയും ചെയ്തു. ഇപ്രകാരം ദൈവാനുഗ്രഹത്തോടെയും വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥശക്തിയാലും ഇടവക ആത്മീയമായും ഭൗതികമായും വളർച്ചയുടെ പടവുകളിലൂടെ മുന്നോട്ടുപോകുന്നു.